# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3212

14.03.2018 ൽ മറുപടിക്ക്

## ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരെ വർഗ്ഗീയ ശക്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരെ ഒരു കൂട്ടം വർഗ്ഗീയ ശക്തികൾ കേരളത്തിലും ബോധപൂർവ്വമായ ആക്രമണങ്ങൾ അഴിച്ചു വിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കൊല്ലം റൂറൽ ജില്ലയിലെ കടയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ കോട്ടുക്കൽ ത്രങ്ങോട്ട് എന്ന സ്ഥലത്തെ കൈരളി ലൈബ്രറിയുടെ വാർഷിക ആഘോഷ പരിപാടിയിൽ പങ്കെടുത്തു മടങ്ങി വരവെ സാഹിത്യകാരൻ കുരീപ്പുഴ ശ്രീകുമാറിനെ ഇട്ടിവ പഞ്ചായത്തിൽ വടക്കെ കോട്ടുക്കൽ വാർഡ് മെമ്പറായ ദീപുവും കൂട്ടരും കൈയ്യേറ്റം ചെയ്യാൻ ശ്രമിച്ചിട്ടുള്ളതും ആയതിലേക്ക് കടയ്ക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 2016/2018, u/s 143, 147, 341, 294(b), 506(1) & 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തു പ്രതികളായ ദീപു, സജിത്, ലൈജു, ശ്യാം, കിരൺ, മനു(BJP-RSS അനുഭാവികൾ) എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ബി) ഇത്തരം അക്രമങ്ങളെ പ്രതിരോധിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നറിയിക്കാമോ ? | (ബി) ഇത്തരം അക്രമങ്ങളെ പ്രതിരോധിക്കുന്നതിനു വേണ്ടി നിലവിലെ നിയമങ്ങൾ അനുസരിച്ച് കർശനമായ നടപടികൾ പോലീസ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ